പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 448 12.06.2012 -ലെ മറുപടി

**ടൗൺ ടു ടൗൺ ബസ്സുകൾ കോഴിക്കോട് മെഡിക്കൽ കോളേജുവരെ നീട്ടാൻ നടപടി**

ചോദ്യം — ഉത്തരം

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചമ്രവട്ടം പാലം ഉൽഘാടനം ചെയ്തതോടെ തിരൂർ, കോഴിക്കോട് ഭാഗത്തേക്ക് ഗുരുവായൂർ എറണാകുളം, പൊന്നാനി ഭാഗത്തു നിന്ന് കെ.എസ്.ആർ.ടി.സി ബസ്സുകൾ സർവ്വീസ് നടത്തുന്നതിൽ കുറച്ച് ടൗൺ ടു ടൗൺ ബസ്സുകൾ കോഴിക്കോട് മെഡിക്കൽ കോളേജുവരെ നീട്ടാൻ നടപടി സ്വീകരിക്കാമോ; | (എ) യും (ബി) യും | 17.05.2012 -ന് ചമ്രവട്ടം പാലം ഉത്ഘാടനം ചെയ്ത ദിവസം മുതൽ തന്നെ കെ.എസ്.ആർ.ടി.സി. എറണാകുളം, ഗുരുവായൂർ ഭാഗങ്ങളിൽ നിന്നും കോഴിക്കോട്ടേക്ക് സർവ്വീസുകൾ ആരംഭിച്ച് കഴിഞ്ഞു. ഇപ്പോൾ 24 സർവ്വീസുകൾ ഈ റൂട്ടിൽ കൂടി ഓടിക്കുന്നുണ്ട്. ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്കും യാത്രക്കാരുടെ ആവശ്യത്തിനനുസരിച്ചും കൂടുതൽ സർവ്വീസുകൾ ഈ റൂട്ടിലൂടെ കെ.എസ്.ആർ.ടി.സി. വരും ദിനങ്ങളിൽ ഓടിക്കുന്ന കാര്യം പരിശോധിച്ച് വരികയാണ്. കൂടുതൽ ബസ്സുകൾ ഓടിക്കുന്ന മുറയ്ക്ക് കോഴിക്കോട് മെഡിക്കൽ കോളേജ് വരെ സർവ്വീസ് നീട്ടുന്ന കാര്യവും പരിശോധിക്കുന്നതാണ്. |
| (ബി) | എങ്കിൽ എത്ര സർവ്വീസുകൾ എന്നു മുതൽ നടപ്പിലാക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ; | | |
| (സി) | പ്രസ്തുത റൂട്ടിൽ വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി യിൽ കൺസഷൻ അനുവദിക്കുന്നതിനും സ്റ്റുഡൻസ് ഒൺലി ബസ്സുകൾ ഓടിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (സി) | കൂടുതൽ ഓർഡിനറി സർവ്വീസുകൾ ഈ റൂട്ടിലൂടെ ഓടിക്കുന്ന മുറയ്ക്ക് വിദ്യാർത്ഥികൾക്ക് കൺസഷൻ ടിക്കറ്റ് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | പൊന്നാനി കെ.എസ്.ആർ.ടി.സി ഡിപ്പോ നവീകരിക്കുന്നതിനും, ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) | പൊന്നാനി കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരണവുമായി ബന്ധപ്പെട്ട് പ്രധാന കെട്ടിടത്തിന്റെ മുകളിൽ മേൽക്കൂര ഉൾപ്പെടെയുള്ള അറ്റകുറ്റപണികൾ ചെയ്തു കഴിഞ്ഞു. ചുറ്റുമതിൽ കെട്ടുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് പണി നടത്തുന്നതിനായി അനുവാദം നൽകിക്കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ